**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4716** **19-03-2025 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ നൂതനമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പരമ്പരാഗത ജലശുദ്ധീകരണ പ്രക്രിയകളിൽ നിന്നും വ്യത്യസ്തമായി പ്ലേറ്റ് സെറ്റ്ലർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ജലശുദ്ധീകരണശാലകൾ ജലജീവൻ മിഷൻ പദ്ധതി വഴി നടപ്പിലാക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന ഭൂരിഭാഗം ജലശുദ്ധീകരണ ശാലകളും പൂർണമായും SCADA (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷൻ) സാങ്കേതിക വിദ്യയിലാണ് പ്രവർത്തന സജ്ജമാക്കുന്നത്. ഇതുകൂടാതെ ശുദ്ധജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിനായി ഇലക്ട്രോമാഗ്നെറ്റിക് മീറ്ററുകൾ അടക്കമുള്ള നൂതന ഉപകരണങ്ങൾ വിതരണ ശൃംഖലകളിലും പമ്പിങ് ട്രാൻസ്മിഷൻ പൈപ്പുകളിലും സ്ഥാപിക്കാനുള്ള നടപടികൾ പ്രവൃത്തികളുടെ ഭാഗമായി ഉൾക്കൊള്ളിക്കുന്നുണ്ട്. പ്രധാനപ്പെട്ട റോഡുകളിൽ ചെറിയ വ്യാസമുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ റോഡിനു സാരമായി കേടുപാടുകൾ സംഭവിക്കാതിരിക്കാനായി നവ സാങ്കേതിക വിദ്യയായ HDD (ഹോറിസോണ്ടൽ ഡയറക്ഷൻ ഡ്രില്ലിംഗ്) അടക്കമുള്ളവ ഉപയോഗ പ്പെടുത്തി വരുന്നു. ജല വിതരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ശുദ്ധീകരണശാലകളിലും പരിസര പ്രദേശങ്ങളിലും സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം എത്തിക്കുവാൻ വാട്ടർ അതോറിറ്റി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ME 1200 മണ്ഡല മകരവിളക്ക് സീസണിൽ പമ്പ-ശബരിമല ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു.<br><br>ശബരിമല അയ്യപ്പ ഭക്തർക്ക് ശുദ്ധജലം വിതരണം നടത്തുവാൻ കേരള വാട്ടർ അതോറിറ്റിയുടെ 13 MLD |

ഉത്പാദന ശേഷിയുള്ള കുടിവെള്ള പദ്ധതി ശബരിമലയിൽ പ്രവർത്തിച്ചു. പമ്പാ ത്രിവേണിയിൽ സ്ഥിതിചെയ്യുന്ന ഇൻടെയ്ക്ക് പമ്പ് ഹൗസിൽ നിന്നും പ്രഷർഫിൽട്ടർ വഴി ശുദ്ധീകരിച്ച് ജലം പമ്പയിൽ സ്ഥിതിചെയ്യുന്ന ഭൂതല സംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ നടത്തി പമ്പാമേഖലയിലും നീലിമലബോട്ടം പമ്പ് ഹൗസിലും തുടർന്ന് നീലിമലടോപ്പ് പമ്പ് ഹൗസ്, അപ്പാച്ചിമേട് പമ്പ് ഹൗസ് വഴി ശരംകുത്തി സംഭരണി യിലും സന്നിധാനം ദേവസ്വം സംഭരണികളിലേയ്ക്കും ശേഖരിച്ച് സന്നിധാനത്തും കാനന പാതയിലും ജലവിതരണം ക്രമീകരിച്ചു.

പമ്പ മുതൽ ശരംകുത്തി വരെ 8 സംഭരണികളിലായി ഏകദേശം 68 ലക്ഷം ലിറ്റർ ജലം സംഭരിച്ച് വിതരണം നടത്തി. ശബരിമല, പാണ്ടിത്താവളം എന്നിവിടങ്ങളിൽ 1.90 MLD ജലം ട്രാവൻകൂർ ദേവസ്വം ബോർഡ് 7 ടാങ്കുകളിലായി സംഭരിച്ച് വിതരണം നടത്തി.

പമ്പ മുതൽ സന്നിധാനം വരെ താൽക്കാലിക ടാപ്പുകൾ സ്ഥാപിക്കുകയും, ദേവസ്വം ബോർഡിന്റെ കിയോസ്കുകളിലേക്കും, ശൗചാലയങ്ങളിലേക്കും മറ്റു എല്ലാ സർക്കാർ, അർദ്ധ സർക്കാർ, ദേവസ്വം ബോർഡ് സ്ഥാപനങ്ങളിലേക്കും കേരളാവാട്ടർ അതോറിട്ടി ശുദ്ധജലം എത്തിച്ചു. സമാന്തര പാതയായ സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് വിതരണക്കുഴലുകൾ സ്ഥാപിച്ച് ചരൽമേട് അഞ്ചാം വളവ് വരെയും ദേവസ്വം ബോർഡ് സ്ഥാപിച്ച ഇ-ടോയ്‌ലറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവയിലും ആവശ്യാനു സരണം ജല വിതരണം നടത്തി.

ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ശബരിമലയിൽ കേരള ജല അതോറിറ്റി റിവേഴ്സ് ഓസ്മോസിസ് പ്ലാൻറുകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച് കിയോസ്കുകളിലൂടെ ജലം വിതരണം നടത്തി. മണിക്കൂറിൽ 35000 ലിറ്റർ ശുദ്ധജലം ഈ പ്ലാൻറുകൾ വഴി വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ടി പ്ലാൻറുകളിൽ നിന്നും പൈപ്പുകൾ സ്ഥാപിച്ച് 106 കിയോസ്കുകളിൽ 270 ടാപ്പുകൾ വഴി തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം നടത്തി.

RO പ്ലാൻറുകളിൽ നിന്നും ലഭിക്കുന്ന ജലത്തെ ചൂട്/ തണുപ്പ്/സാധാരണ എന്നീ മൂന്ന് അവസ്ഥകളിൽ വിതരണം നടത്തുവാൻ സാധിക്കുന്ന 3 ഹോട്ട്/

കോൾഡ്/നോർമൽ വാട്ടർ കിയോസ്കകൾ തയ്യാറാക്കിയിരുന്നു.

നിലയ്ക്കൽ ബേസ് ക്യാമ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ 1000 lph ശേഷിയുള്ള മൂന്ന് RO പ്ലാൻറുകൾക്കു പുറമെ ടാറ്റ കൺസൾട്ടൻസി സ്ഥാപിച്ച 1000 lph ശേഷിയുള്ള ഇരുപത്തി അഞ്ച് RO പ്ലാൻറുകളിൽ നിന്നുള്ള ജലം വിതരണം നടത്തുന്നതിന് ഏകദേശം 20 km നീളത്തിൽ PVC പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തിയിരുന്നു.

നിലവിൽ നിലയ്ക്കലിൽ ജലവിതരണ പദ്ധതി പ്രാവർത്തികമായിട്ടില്ലാത്തതിനാൽ ദേവസ്വം ബോർഡിന്റെ ആവശ്യാനുസരണം പമ്പയിൽ നിന്നും ടാങ്കർ ലോറിയിൽ നിലയ്ക്കലിൽ കുടിവെള്ളം എത്തിച്ചുനൽകി. നിലയ്ക്കലിൽ 65 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനായി ദേവസ്വം ബോർഡിന്റെ 40 ലക്ഷം ലിറ്റർ ടാങ്കിന് പുറമെ, കേരള വാട്ടർ അതോറിട്ടി 5 ലക്ഷത്തിന്റെ 3 സ്റ്റീൽ ടാങ്കുകളും 5000 ലിറ്ററിന്റെ 215 HDPE ടാങ്കുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പെരുനാട് പഞ്ചായത്തിലെ വിവിധ ഇടത്താവളങ്ങളിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രകാരം കുടിവെള്ള മെത്തിക്കുന്ന പ്രവൃത്തിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിരുന്നു. ഇടത്താവളമായ പന്തളം റാന്നി വടശ്ശേരിക്കര തുടങ്ങിയ സ്ഥലങ്ങളിൽ സുഗമമായ കുടിവെള്ള വിതരണം നടപ്പാക്കി വരുന്നു.

കൂടാതെ ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം ഇടത്താവളങ്ങളായ വൈക്കം മഹാദേവ ക്ഷേത്രത്തിലും കടുത്തുരുത്തി തളിയിൽ മഹാദേവ ക്ഷേത്രത്തിലും കണക്ഷൻ വഴിയും, കോട്ടയം തിരുനക്കര മഹാദേവ ക്ഷേത്രത്തിൽ 5000L ടാങ്ക് വച്ച് 6 ടാപ്പുകൾ വഴിയും, ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ നിലവിലുള്ള 5000 L ന്റെ 2 ടാങ്കുകൾ വഴിയും മുടക്കം കൂടാതെ കുടിവെള്ളം എത്തിച്ചു നൽകിയിട്ടുണ്ട്.

കൂടാതെ ശബരിമല തീർത്ഥാടകർ ധാരാളം എത്തിച്ചേരുന്ന സ്ഥലങ്ങളിലും, ഇടത്താവളങ്ങളിലും വാൽവ് ക്രമീകരണങ്ങളിലൂടെ ജലലഭ്യത ഉറപ്പു വരുത്താറുണ്ട്. കൂടാതെ ചെങ്ങന്നൂർ റെയിൽവ സ്റ്റേഷൻ, ചെങ്ങന്നൂർ കെഎസ്ആർടിസി ബസ്സ്റ്റാൻഡ്, ശ്രീ മഹാദേവ ക്ഷേത്രം ചെങ്ങന്നൂർ, വണ്ടിമല ദേവസ്ഥാനം, ചെങ്ങന്നൂർ മുൻസിപ്പാലിറ്റി വക ഭക്തജനങ്ങൾക്കുവേണ്ടി വിരി വയ്ക്കുന്ന സ്ഥലം എന്നിവിടങ്ങളിൽ താത്കാലിക ടാപ്പുകൾ സ്ഥാപിച്ചും

| | | | |
|---|---|---|---|
| | | | തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളലഭ്യത ഉറപ്പുവരുത്താറുണ്ട്. കൂടാതെ മകരവിളക്ക് ദിവസവും (14.01.2025), തൊട്ടു മുന്നേയുള്ള ദിവസവും (13.01.2025) പുല്ലുമേട്. പരുന്തുംപാറ, പാഞ്ചാലിമേട് പ്രദേശങ്ങളിൽ 5 പോളി എഥിലീൻ വാട്ടർ ടാങ്കുകൾ വീതം സ്ഥാപിച്ചും തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ